## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2087 04.11.2019 - ൽ മറുപടിയ്ക്ക്**

**<u>ഹീമോഫീലിയ രോഗികൾക്ക് മരുന്നുകൾ സൗജന്യമായി നൽകാൻ നടപടി</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറയ്ക്കൽ അബ്ദുല്ല : | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
| എ) | മുൻസർക്കാർ ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ കാരുണ്യ ഫാർമസികൾ വഴി ആജീവനാന്തം സൗജന്യമായി നൽകാൻ തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു |
| ബി) | രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ശരീരത്തിലില്ലാത്തതുമൂലം സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി രക്തസ്രാവമുണ്ടാകുന്ന ഈ രോഗം മരണത്തിനുവരെ കാരണമായേക്കുമെന്നത് പരിശോധിക്കുകയുണ്ടായോ; | (ബി) | രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ശരീരത്തിൽ ഇല്ലാത്തതുമൂലം സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി രക്തസ്രാവമുണ്ടാകുന്ന ഈ രോഗം മരണത്തിനുവരെ കാരണമായേക്കാമെന്നത് ശാസ്ത്രീയമായ വസ്തുതയാണ്. |
| സി) | സംസ്ഥാനത്തെ കാരുണ്യ ഫാർമസികളിൽ ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുകൾ ഒന്നും തന്നെ ഇപ്പോൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കാരുണ്യ ഫാർമസികളിൽ ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാണ്. ഹീമോഫീലിയ ഫാക്ടറുകളുടെ നിലവിലെ ശേഖരം താഴെകൊടുക്കുന്നു. |

| Sl. No. | DRUG NAME | TOTAL STOCK (Nos) as on 29.10.19 |
|---|---|---|
| 1 | FACTOR IX-IMMUNINE 600 IU INJ | 1897 |
| 2 | FACTOR VII – NOVO SEVEN 1 MG INJ | 171 |
| 3 | FACTOR VIII-HEMOGIL M 250-400 IU INJ 10 ML | 2214 |
| 4 | FACTOR VIII-IMMUNATE 250 IU (WITH VON WILLIBRAND FACTOR) INJ | 145 |
| 5 | FEIBA INJ | 415 |
| | | |

| | | | |
|---|---|---|---|
| ഡി) | മരുന്ന് വിതരണം ചെയ്തിരുന്ന കമ്പനികൾക്ക് സർക്കാർ ഭീമമായ തുക കടിശ്ശിക വരുത്തിയതാണോ അവർ മരുന്ന് വിതരണം നിർത്തിവയ്ക്കാൻ കാരണമെന്ന് വെളിപ്പെടുത്താമോ; | (ഡി) | വിതരണം നിർത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| ഇ) | അല്ലെങ്കിൽ മുൻകാലങ്ങളിലെന്ന പോലെ ഇവർക്ക് ആവശ്യമായ മരുന്ന് സൗജന്യമായി ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഇ) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി 06.08.2019 തീയതിയിലെ ജി.ഒ.(എം.എസ്)122/2019/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്ക് 2020 മാർച്ച് 31 വരെ കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ